# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.11.2025**

### പ്രധാനവാർത്തകൾ

1) ജനപങ്കാളിത്തത്തോടെ മാത്രമേ ഫലപ്രദമായ ജല വിഭവ പരിപാലനം സാധ്യമാവൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ആറാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തു.

2) സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കലിൻറെ ഭാഗമായി സംസ്ഥാനത്ത് 97 ശതമാനം എന്യൂമറേഷൻ ഫോമുകളുടെ വിതരണം പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എസ്.ഐ.ആർ നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ച് സംസ്ഥാന സർക്കാർ.

3) തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. പത്രികാ സമർപ്പണത്തിനുള്ള സമയപരിധി വെള്ളിയാഴ്ച വരെ.

4) മണ്ഡല – മകരവിളക്ക് മഹോത്സവത്തിൻറെ രണ്ടാംദിനമായ ഇന്ന് ശബരിമലയിൽ വൻ ഭക്തജന തിരക്ക്. തീർഥാടകർക്ക് അധികം കാത്തുനിൽക്കാതെ ദർശനം നടത്തുന്നതിന് സൗകര്യമൊരുക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ.

RNU TVPM

5) 56-ാമത് ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് മറ്റന്നാൾ ഗോവയിൽ തുടക്കം.

6) ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

******************

<u>രാഷ്ട്രപതി (ഇൻട്രോ)</u>

ജനപങ്കാളിത്തത്തോടെ മാത്രമേ ഫലപ്രദമായ ജല വിഭവ പരിപാലനം സാധ്യമാവൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ആറാമത് ദേശീയ ജല പുരസ്കാരങ്ങളും, ആദ്യ ജല സഞ്ചയ് ജൻഭാഗി ധാരി അവാർഡുകളും ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. ജലസംരംക്ഷണവും ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി എല്ലാവരും യോജിച്ച് പ്രവർത്തിക്കണമെന്നും ശ്രീമതി മുർമു ആഹ്വാനം ചെയ്തു. ജലത്തിൻറെ കാര്യക്ഷമമായ വിനിയോഗം രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ്)

ഗ്രാമ പഞ്ചായത്ത് വിഭാഗത്തിലെ മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കണ്ണൂർ പായം പഞ്ചായത്തും, സ്കൂൾ വിഭാഗത്തിലെ പുരസ്കാരം തിരുവനന്തപുരം മഹാത്മാഗാന്ധി മെമ്മോറിയൽ മോഡൽ സ്കൂളും സ്വന്തമാക്കി. പുഴസംരക്ഷണ പ്രവർത്തനങ്ങൾ, പുഴയോരത്ത് മുളങ്കാടുകൾ വച്ചു പിടിപ്പിക്കൽ, കിണർ റീചാർജിങ്ങ് എന്നിവയിലൂടെയാണ് മലയോര പഞ്ചായത്ത് ആയ പായം പുരസ്കാരം നേടിയത്.

******************

PNU TVPM

## <u>എസ്.ഐ.ആർ</u>

സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ രണ്ടാംഘട്ടത്തിൻറെ ഭാഗമായി ഇതുവരെ 50 കോടി 97 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന 51 കോടി വോട്ടർമാരിൽ 98.54 ശതമാനത്തിനും ഫോം ലഭ്യമാക്കിയിട്ടുണ്ട്. കേരളമടക്കം 9 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ടത്തിൽ എസ്.ഐ.ആർ നടപ്പാക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 97 ശതമാനം എന്യൂമറേഷൻ ഫോമുകളുടെ വിതരണം പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പൂരിപ്പിച്ച ഫോമുകൾ ശേഖരിക്കുന്നതിൽ ബി.എൽ.ഒ.മാർക്ക് സൗകര്യമൊരുക്കാൻ ജില്ലാ ഭരണകൂടങ്ങൾ സമഗ്രമായ നടപടികൾ കൈക്കൊണ്ടതായും അദ്ദേഹം വ്യക്തമാക്കി. അധിക ബൂത്ത് തല ഏജന്റുമാരെ നാമനിർദ്ദേശം ചെയ്യാനും, പൂരിപ്പിച്ച ഫോമുകൾ ശേഖരിക്കുന്നതിനായി സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരം നടപടികൾ ബി.എൽ.ഒ.മാരുടെ ജോലിഭാരം ലഘൂകരിക്കുകയും പ്രക്രിയ കാര്യക്ഷമമായി പൂർത്തിയാക്കാൻ സഹായിക്കുകയും ചെയ്യുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

******************

## <u>തീവ്ര വോട്ടർപ്പട്ടിക -കോടതി</u>

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകും വരെ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണം നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിനും വോട്ടർപ്പട്ടിക പുതുക്കലിനും ഉദ്യോഗസ്ഥരെ ഒരേസമയം വിന്യസിക്കേണ്ടിവരുന്നത് സർക്കാരിൻറെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും സുഗമമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ ബാധിക്കുമെന്നും ഹർജിയിൽ

RNUTVPM

പറയുന്നു. ഇത് ചൂണ്ടിക്കാട്ടി സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് അയച്ചതായും റിട്ട് ഹർജിയിൽ വ്യക്തമാക്കുന്നു.

******************

## നാമനിർദേശ പത്രികാ സമർപ്പണം

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. വീടുകൾ തോറും കയറിയിറങ്ങിയുള്ള പ്രചാരണത്തിൻറെയും, തിരഞ്ഞെടുപ്പ് കൺവെൻഷനുകളുടെയും തിരക്കിലാണ് സ്ഥാനാർത്ഥികൾ.

നാമനിർദേശ പത്രികാ സമർപ്പണം ഇന്നും തുടർന്നു. 2,994 പേരാണ് സംസ്ഥാനത്ത് ഇന്നലെവരെ പത്രിക സമർപ്പിച്ചത്. ഈ മാസം 21 വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയം. സൂക്ഷ്മ പരിശോധന 22-ന് നടക്കും.

നവംബർ 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

RNU TVPM

******************

## തദ്ദേശ തിരഞ്ഞെടുപ്പ് : വോട്ടെടുപ്പ്- അവധി

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഡിസംബർ 09, 11 തീയതികളിൽ ബന്ധപ്പെട്ട ജില്ലകളിൽ പൊതു അവധിയും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് അനുസരിച്ചുള്ള അവധിയും അനുവദിക്കണം.

അതോടൊപ്പം സംസ്ഥാനത്തെ ഫാക്ടറി, പ്ലാന്റേഷൻ മറ്റ് ഇതര വിഭാഗം ജീവനക്കാർക്കും കൂടി പൊതുഅവധി ലഭ്യമാക്കുന്നതിനോ, സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനോ സൗകര്യം നൽകുന്നതിന് തൊഴിൽ ഉടമകൾക്ക് നിർദ്ദേശം നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

******************

## ഇവിഎം ട്രാക്ക് സോഫ്റ്റ് വെയർ

തദ്ദേശ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിന്യാസത്തിനും അവയുടെ നീക്കം നിരീക്ഷിക്കുന്നതിനുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ ഇവിഎം ട്രാക്ക് സോഫ്റ്റ് വെയർ പൂർണമായും പ്രവർത്തനസജ്ജമായി. ഇതിന്റെ ഉദ്ഘാടനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ നിർവ്വഹിച്ചു. കേന്ദ്രീകൃത സംവിധാനത്തിലൂടെ ഏകോപിപ്പിക്കാൻ സാധിക്കുന്നതും, സംസ്ഥാനത്ത് എല്ലായിടത്തും വോട്ടിംഗ് മെഷീനുകളുടെ നീക്കം ഒരുപോലെ ട്രാക്ക് ചെയ്യാൻ കഴിയുന്നതുമായ ഇവിഎം ട്രാക്ക്, ഭാവിയിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനുൾപ്പെടെ ഫലപ്രദമായി വിനിയോഗിക്കാനാകുന്ന സോഫ്റ്റ് വെയറാണെന്ന് കമ്മീഷണർ പറഞ്ഞു.

******************

## ഗവർണർ

വിദ്യാഭ്യാസത്തിലൂടെയുള്ള സ്വഭാവരൂപീകരണമാണ് രാഷ്ട്രനിർമ്മാണത്തിൻറെ അടിസ്ഥാനമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ. തിരുവനന്തപുരം കഴക്കൂട്ടം മരിയൻ എഞ്ചിനീയറിങ് കോളേജിൻറെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുടെ ലക്ഷ്യങ്ങൾ 'വികസിത ഭാരതം' എന്ന സ്വപ്നവുമായി കൂട്ടിയിണക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യു.

******************

## ശബരിമല ഭക്തജന തിരക്ക് (ഇൻട്രോ)

മണ്ഡല – മകരവിളക്ക് മഹോത്സവത്തിൻറെ രണ്ടാംദിനമായ ഇന്ന് ശബരിമലയിൽ വൻ ഭക്തജന തിരക്ക്. തിരക്ക് മൂലം ഇതരസംസ്ഥാനത്തുനിന്നെത്തിയ തീർഥാടകർ ദർശനം നടത്താനാകാതെ തിരികെപോകുന്ന സാഹചര്യവുണ്ടായി.

RNI TVPM

വൈകുന്നേരത്തോടെ സ്ഥിതി നിയന്ത്രണ വിധേയമായതായി അധികൃതർ അറിയിച്ചു.
വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് .ശ്രീധർ.
(വോയ്സ്)

******************

<u>കെ ജയകുമാർ (ഇൻട്രോ)</u>

ശബരിമല ദർശനത്തിനായി പമ്പയിൽ എത്തുന്ന തീർഥാടകർക്ക് അധികം കാത്തുനിൽക്കാതെ സുഗമമായി ദർശനം നടത്തുന്നതിന് സൗകര്യമൊരുക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. പമ്പയിൽ തീർഥാടകരുടെ എണ്ണം കൂടുന്നതിനനുസരിച്ച് നിലയ്ക്കലിൽ നിയന്ത്രിക്കുമെന്നും അദ്ദേഹം സന്നിധാനത്ത് മാധ്യമങ്ങളോട് പറഞ്ഞു. മരക്കൂട്ടം ശരംകുത്തി സന്നിധാനം പാതയിലെ ക്യൂ കോംപ്ലക്സുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കും. ഇവിടെ കുടിവെള്ളവും ലഘു ഭക്ഷണവും ലഭ്യമാക്കും. പമ്പയിൽ എത്തിക്കഴിഞ്ഞാൽ ശബരിമല ദർശനം പൂർത്തിയാക്കി നിശ്ചിത സമയത്തിനുള്ളിൽ തന്നെ ഭക്തർക്ക് മടങ്ങിപ്പോകാൻ സാഹചര്യമൊരുക്കുമെന്നും ശ്രീ കെ. ജയകുമാർ അറിയിച്ചു.
(ഹോൾഡ്)
തിരക്ക് കണക്കിലെടുത്ത് സ്പോട് ബുക്കിങ്ങ് ഇരുപതിനായിരമാക്കി നിജപ്പെടുത്തുമെന്ന് ദേവസ്വം ബോർഡ് വ്യക്തമാക്കി. കൂടുതലായി എത്തുന്നവർക്ക് അടുത്ത ദിവസം ദർശനത്തിന് ക്രമീകരണം ഒരുക്കും. അതേസമയം ശബരിമലയിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായി കോൺഗ്രസ്, ബിജെപി നേതാക്കൾ വിമർശനം ഉന്നയിച്ചു.

******************

RNU TVPM

<u>ഐഎഫ്എഫ്ഐ</u>

56-◌ാമത് ഇന്ത്യൻ രാജ്യന്തര ചലച്ചിത്രമേളയ്ക്കുള്ള ഒരുക്കങ്ങൾ ഗോവയിൽ പുരോഗമിക്കുന്നു. മറ്റന്നാളാണ് ചലച്ചിത്ര മേളയ്ക്ക് തുടക്കമാവുക. ഈ മാസം 28 വരെ നീളുന്ന മേളയിൽ 81 രാജ്യങ്ങളിൽ നിന്നുള്ള 240-ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ബ്രസീലിയൻ ചിത്രം **ദി ബ്ലൂ ട്രെയിൽ** ആണ് ഉദ്ഘാടന ചിത്രം. വേവ്സ് ഫിലിം ബസാർ, ഇഫിയെസ്റ്റ, സിനിം എഐ ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

******************

<u>മഴ</u>

കന്യാകുമാരി തീരത്തെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ഒഴികെ മറ്റ് 7 ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തും ഇന്ന് മത്സ്യബന്ധനം പാടില്ല.

PIU TVPM

******************

*************

*******